

World AMR
awareness week

HANDLE
ANTIMICROBIALS
WITH CARE

Educate. Advocate. Act now

JUBILEE MISSION MEDICAL COLLEGE
SERVICE WITH LOVE

# Jubilet

Jubilee Mission Medical College & Research Institute Since 1951 Vol. 10 Issue 11 November 2024

# ഉള്ളടക്കം


Welcome TO JUBILEE FAMILY 14

RESEARCH WINGS 17

നമുക്കിടയിൽ – രക്തസുരക്ഷ ഒരു അവിഭാജ്യഘടകം 29

പ്രതികരിക്കുമെന്ന് ചിന്തിച്ച് പ്രതികരിച്ചില്ലേ? 01

ഓങ്കോളജി വിഭാഗം ഉദ്ഘാടനം നിർവ്വഹിച്ച് മഞ്ജുവാര്യർ 02

ലോക മാനസികാരോഗ്യ ദിനാചരണം 04

ആയിരത്തോളം വയോജനങ്ങൾക്ക് ആദരം നൽകി 05

24x7 ജാഗ്രതയോടെ ജൂബിലി സ്ട്രോക്ക് ടീം 07

ആയുർവയോജനം 08

ഹോസ്പിറ്റൽ ഓൺ വീൽസ് 09

ഓങ്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ വാക്കത്തോൺ 11

MBBS 22nd Batch വൈറ്റ് കോട്ട് സെറിമണി 12

ജൂബികോൺ 2024 15

ജൂബിലിയിൽ റാബീസ് ദിനം 18

അഖിലകേരള ന്യൂറോ ക്വിസ് 19

ദേശീയ ആയുർവേദ ദിനാചരണം 20

ഏകദിന തുടർവിദ്യാഭ്യാസ പ്രവർത്തന ശിൽപശാല 26

ഗൃഹൗഷധികൾ – മഞ്ഞൾ 31

DOCTOR'S CORNER – SMILES OF LIFE 21

സുഖം പ്രാപിക്കുമെന്ന് എനിക്ക് ഉറപ്പുനൽകി 29

# പ്രതികരിച്ചിരിക്കുമെന്ന് ചിന്തിച്ച് പ്രതികരിച്ചില്ലേ?




**ഒ**രു വൈദികസഹോദരന് രക്തം കയറ്റുന്നതിനുവേണ്ടിയുള്ള സൗകര്യങ്ങൾക്ക് ഓടിനടക്കുമ്പോൾ മനസ്സിൽ ഉയർന്ന ഒരു ചിന്തയാണ് - എന്ത് നിസംഗതയാണ് ഇന്ന് ഈ ലോകത്തിന് എന്ന്. വളരെ അപൂർവ്വമായ രക്തവിഭാഗമാണല്ലോ 'നെഗറ്റീവ്' ഗ്രൂപ്പുകൾ. അത്തരം ഒരു വിഭാഗത്തിനുവേണ്ടിയുള്ള തിരച്ചിലിൽ ആയിരുന്നു ഞാൻ. ധാരാളം വാട്ട്സ്ആപ്പ് ഗ്രൂപ്പുകളിൽ ഈ ആവശ്യം നൽകിയിരുന്നു. എന്നാൽ ഈ ആവശ്യത്തോട് പ്രതികരിച്ചവർ എന്റെ ഒരു കയ്യിലെ വിരലുകളുടെ പാതി എണ്ണമായിരുന്നു. ഏറെ വിഷമത്തോടെ ഒരു സുഹൃത്തിനോട് ഈ നൊമ്പരം പങ്കുവച്ചപ്പോൾ അദ്ദേഹം നൽകിയ മറുപടിയാണ് എന്നെ ഏറെ വേദനിപ്പിച്ചത്. ഇത് ഇപ്പോൾ ഞാൻ ചെയ്തില്ലെങ്കിലും സാരമില്ല, മറ്റൊരാൾ അതിനുവേണ്ടി പ്രതികരിച്ചിരിക്കും. ഇങ്ങനെ എല്ലാവരും ചിന്തിച്ചിരിക്കും. അതുകൊണ്ടാണ് ഒരാളും പ്രതികരിക്കാതെ പോയത് എന്ന്.

എനിക്കു ചെയ്യാൻ കഴിയുന്നിടത്തോളം ചെയ്യാതെ അപരന്റെ പ്രതികരണത്തിന് കാത്തുനിൽക്കുന്നവരാണ് പലരും. ആ പലരുകളിൽ ഒരാളായി നാം മാറുമ്പോൾ മുറിയപ്പെടുന്നത് യേശുവിന്റെ വാക്കുകളാണ്. ''നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക'' (മത്താ. 22:39).

യേശുവിൽ സ്നേഹപൂർവ്വം

**ഫാ. ചാലക്കൽ ജാക്സൻ**
പാസ്റ്ററൽ കെയർ ടീം മെമ്പർ



# നവീകരിച്ച ഓങ്കോളജി വിഭാഗം ഉദ്ഘാടനം നിർവ്വഹിച്ച് മഞ്ജുവാര്യർ

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ നവീകരിച്ച ഓങ്കോളജി വിഭാഗത്തിന്റെ ഉദ്ഘാടനവും, റേഡിയേഷൻ ഓങ്കോളജി പ്രോജക്റ്റിന്റെ ഔദ്യോഗിക പ്രഖ്യാപനവും, സ്തനാർബുദ ബോധവത്കരണ പരിപാടികളും ഒക്ടോബർ 21-ന് നടന്നു. 2017-ൽ ചെറിയ രീതിയിൽ ആരംഭിച്ച ഓങ്കോളജി വിഭാഗം ആധുനിക ഓങ്കോളജി ചികിത്സാ സൗകര്യങ്ങളായ കീമോതെറാപ്പി, ഡേ കെയർ, ഓങ്കോസർജറി, ഓങ്കോമെഡിസിൻ എന്നീ സംവിധാനങ്ങളോടുകൂടി നവീകരിച്ചു. കോംപ്രിഹെൻസീവ് ഓങ്കോളജി കെയർ മുൻനിർത്തിക്കൊണ്ട് റേഡിയേഷൻ ഓങ്കോളജി പ്രോജക്റ്റിന്റെ പ്രഖ്യാപനം നടന്നു. ലോകാരോഗ്യ സംഘടനയുടെ സ്തനാർബുദ ബോധവത്കരണ മാസത്തോടനുബന്ധിച്ച് ഓങ്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ ആശുപത്രിയുടെ



മദർ തെരേസ ഹാളിൽ നടന്ന ബോധവത്കരണ ക്ലാസുകളും കാൻസർ പരിശോധന പരിപാടിയും പ്രമുഖ ചലച്ചിത്രതാരം മഞ്ജു വാര്യർ ഉദ്ഘാടനം ചെയ്തു. ജൂബിലി മിഷൻ ആശുപത്രിയും മഞ്ജു വാര്യർ ഫൗണ്ടേഷനും തമ്മിൽ ധാരണാപത്രം ഒപ്പിടാൻ ചടങ്ങിൽ തീരുമാനമായി. സർജിക്കൽ ഓങ്കോളജി വിഭാഗം മേധാവി ഡോ. ശ്രീകുമാർപിള്ള സ്വാഗതം ആശംസിച്ചു. ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അധ്യക്ഷത വഹിച്ചു. മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി.കള്ളിവളപ്പിൽ ആശംസകളർപ്പിച്ചു. അസി. ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി മുഖ്യാതിഥിക്ക് ഉപഹാരം നൽകി. കാൻസർ രോഗ അതിജീവിത പ്രൊഫ. ശാന്ത തന്റെ അനുഭവം പങ്കുവെച്ചു. ജൂബിലി മിഷൻ ഓങ്കോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർമാരായ ഡോ. മിഥുൻ ചാക്കോ ജോൺ, ഡോ. ബിപിൻ ഫ്രാൻസിസ്, ഡോ. ദിപിൻ എന്നിവർ ബോധവത്കരണ ക്ലാസുകൾ നയിച്ചു.











**സൈക്യാട്രി വിഭാഗത്തിന്റേയും ക്ലിനിക്കൽ സൈക്കോളജി വിഭാഗത്തിന്റേയും നേതൃത്വത്തിൽ**

# ലോക മാനസികാരോഗ്യ ദിനാചരണം

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ലോക മാനസികാരോഗ്യദിനം ആചരിച്ചു. ക്ലിനിക്കൽ സൈക്കോളജി വിഭാഗം മേധാവി ഡോ. മോൻസി എഡ്വേർഡ് സ്വാഗതം ആശംസിച്ചു. സൈക്യാട്രി വിഭാഗം മേധാവി ഡോ. നീതി വത്സൻ അദ്ധ്യക്ഷത വഹിച്ചു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി ചടങ്ങ് ഉദ്ഘാടനം ചെയ്തു. ആശുപത്രിയുടെ സൈക്യാട്രി വിഭാഗത്തിന്റെ മുൻ മേധാവി ഡോ. ജെയിംസ് ടി.ആന്റണി മുഖ്യ പ്രഭാഷണം നടത്തി. മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ, വൈസ് പ്രിൻസിപ്പൽ ഡോ. പത്മകുമാർ കെ. എന്നിവർ ആശംസകൾ അർപ്പിച്ചു. ഡോ. അനു ഫ്രാങ്കോ നന്ദി പറഞ്ഞു. ഡോ. മോൻസി എഡ്വേർഡിന്റേയും ഡോ. മരിയ സെബാസ്റ്റ്യന്റേയും നേതൃത്വത്തിൽ ബോധവത്കരണ ക്ലാസുകൾ നടന്നു. ജൂബിലി മിഷൻ നേഴ്സിങ്ങ് കോളേജ് വിദ്യാർത്ഥികൾ ഡോക്യുമെന്ററി അവതരിപ്പിച്ചു. സൈക്യാട്രി വിഭാഗത്തിന്റേയും ക്ലിനിക്കൽ സൈക്കോളജി വിഭാഗത്തിന്റേയും നേതൃത്വത്തിൽ നടത്തിയ മാനസികാരോഗ്യം വിഷയമാക്കിയുള്ള പ്രദർശനവും ഉണ്ടായിരുന്നു.




# ആയിരത്തോളം വയോജനങ്ങൾക്ക് ആദരം നൽകി

ഒക്ടോബർ 1-ന് വയോജനദിനത്തിൽ ജൂബിലി മിഷൻ ജെറിയാട്രിക്സ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ആയിരത്തോളം വയോജനങ്ങളെ ആദരിച്ചു. ജൂബിലി മിഷൻ ആശുപത്രിയോട് ചേർന്നുള്ള തോപ്പ് ഇൻഡോർ സ്റ്റേഡിയത്തിലായിരുന്നു ചടങ്ങ്. 'ടിഡോപ്' എന്ന് പേരിട്ടിട്ടുള്ള പരിപാടിയിൽ വയോജനരോഗ നിർണ്ണയക്യാമ്പും, ഓർമ്മക്കുറവ്, പോഷകം, ഫിസിയോതെറാപ്പി, ഇൻസുലിൻ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് വിദഗ്ദരുടെ ക്ലാസ്സുകളും ഉണ്ടായിരുന്നു. മുൻകൂട്ടി രജിസ്റ്റർ ചെയ്തവർക്ക് യാത്രാസൗകര്യവും ഭക്ഷണവും ക്രമീകരിച്ചിരുന്നു. വിവിധ കലാപരിപാടികൾ ചടങ്ങിനെ വർണ്ണാഭമാക്കി. പങ്കെടുത്ത എല്ലാവർക്കും സമ്മാനങ്ങൾ നൽകി. വയോജനരോഗ പരിചരണ വിഭാഗത്തിൽ കൺസൾട്ടേഷന് 50% കിഴിവ് ലഭിക്കുന്ന ജെറിയാട്രിക് പ്രിവിലേജ് കാർഡ് കൈമാറി

തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങ് ജില്ലാ കലക്ടർ ശ്രീ. അർജുൻ പാണ്ഡ്യൻ ഉദ്ഘാടനം ചെയ്തു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി സ്വാഗതം ആശംസിച്ചു. ജൂബിലിയിലെ പുന:സംഘടിപ്പിച്ച ജെറിയാട്രിക് മെഡിസിൻ വിഭാഗത്തിന്റെ ഉദ്ഘാടനം മണപ്പുറം ഗ്രൂപ്പിന്റെ എം. ഡി. ശ്രീ. വി. പി. നന്ദ




കുമാറും, ജെറിയാട്രിക്ക് മെഡിസിൻ വിഭാഗത്തിന്റെ ഔട്ട് റീച്ച് പ്രോഗ്രാമിന്റെ ഉദ്ഘാടനം ഇസാഫ് സി. ഇ. ഒ. ശ്രീ. കെ. പോൾ തോമസും നിർവഹിച്ചു. 96 ാം വയസിലും കോൺട്രാക്റ്റ് പണി ചെയ്യുന്ന തൃശ്ശൂരിന്റെ കത്രീനമ്മച്ചിയെയും, മാരത്തോൺ റണ്ണറായ 90 വയസ്സുള്ള പ്രൊഫ. സി. പി. മാത്യുവിനേയും ചടങ്ങിൽ ആദരിച്ചു.

ജെറിയാട്രിക് മെഡിസിൻ വിഭാഗത്തിലെ കൺസൾട്ടന്റുമാരായ ഡോ. സിജു ജോസ്, ഡോ. എമിൽ ഡേവിസ് എന്നിവർ ഡിപ്പാർട്ടുമെന്റിനെക്കുറിച്ചും, പ്രോഗ്രാമിനെക്കുറിച്ചുമുള്ള ആമുഖം അവതരിപ്പിച്ചു. തൃശ്ശൂർ ഡെപ്യൂട്ടി മേയർ ശ്രീമതി എം. എൽ. റോസി, ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ ഫാ. ലിജോ ചിറ്റിലപ്പിള്ളി, അവർ ലേഡി ഓഫ് ഡോളേഴ്സ് ബസിലിക്ക വികാരി ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്, അവർ ലേഡി ഓഫ് ലൂർദ്ദ് മെട്രോപൊളിറ്റൻ വികാരി ഫാ. ഡേവിസ് പുലിക്കോട്ടിൽ എന്നിവർ ആശംസകൾ അർപ്പിച്ചു. സ്പെഷൽ ഗസ്റ്റ് മാസ്റ്റർ ഷാനി സെയിൻ, സി. ഇ. ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. തോമസ് പൂപ്പാടി, പ്രിൻസിപ്പൽ ഡോ. പ്രവീൺലാൽ കുറ്റിച്ചിറ, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ എന്നിവർ പരിപാടിയിൽ സന്നിഹിതരായിരുന്നു. പ്രോഗ്രാം കോർഡിനേറ്റർ ഡോ. ബെൽമ റോസ് നന്ദി പറഞ്ഞു.






# 24x7 ജാഗ്രതയോടെ

## ജൂബിലി സ്ട്രോക്ക് ടീം

ലോക ആരോഗ്യ സംഘടന ആഹ്വാനം ചെയ്യുന്ന പക്ഷാഘാതദിനത്തോടനുബന്ധിച്ച് ഒക്ടോബർ 28-ാം തിയ്യതി തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രിയിൽ പൊതുജനങ്ങൾക്കായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. 2003 ൽ ആണ് ആദ്യത്തെ ത്രോമ്പോലൈസിസ് ഇൻജക്ഷൻ ജൂബിലിയിൽ ചെയ്യുന്നത്. 21 വർഷങ്ങൾക്കിപ്പുറം 2000 ത്തിലേറെ ഇത്തരത്തിലുള്ള ചികിത്സ അനുവദനീയമായ നാലരമണിക്കുറിനുള്ളിൽ ജൂബിലി ന്യൂറോളജി വിഭാഗത്തിന് ചെയ്യുവാൻ സാധിച്ചു. ത്രോമ്പോലൈസിസ് ചികിത്സയുടെ എണ്ണത്തിൽ ഇന്ത്യയിൽ തന്നെ ആദ്യത്തെ പത്ത് സ്ഥാപനങ്ങളുടെ പട്ടികയിൽ സ്ഥാനം പിടിക്കാൻ ജൂബിലിയ്ക്ക് സാധിച്ചു. മെക്കാനിക്കൽ ത്രോമ്പെക്റ്റമി ഉൾപ്പെടെ 400 ഓളം ഇന്റർവെൻഷണൽ ചികിത്സകളും ചെയ്യാൻ സാധിച്ചു. 365 ദിവസവും 24 മണിക്കൂർ പ്രവർത്തിക്കുന്ന എമർജൻസി മെഡിസിൻ, സി.ടി സ്കാൻ, എം. ആർ. ഐ. സ്കാൻ, ന്യൂറോളജി, കാത്ത്ലാബ് എന്നീ ഡിപ്പാർട്ട്മെന്റുകളുടെ ഒരുമിച്ചുള്ള പ്രവർത്തനങ്ങളാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ രോഗിക്ക് രക്ത തടസം അലിയിക്കുന്ന ഇൻജക്ഷൻ നൽകാൻ സാധിക്കുന്നത്. ന്യൂറോളജി വിഭാഗത്തിലെ പ്രൊഫസർ & എച്ച്. ഒ. ഡി.

ഡോ. ഫിജു ചാക്കോ ലോക സ്ട്രോക്ക് ദിനത്തോടനുബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സ് നടത്തി.

ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങ് പ്രശസ്ത സംഗീത സംവിധായകൻ ശ്രീ. വിദ്യാധരൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. ന്യൂറോളജി വിഭാഗത്തിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. ഹരിസുതൻ ടി. സ്വാഗതം ആശംസിച്ചു. തൃശ്ശൂർ ഡെപ്യൂട്ടി ഡി.എം. ഒ. ഡോ. സതീഷ് നാരായണൻ മുഖ്യപ്രഭാഷണം ന ടത്തി. മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു. സി.കള്ളിവളപ്പിൽ, ന്യൂറോളജി വിഭാഗം പ്രൊഫസർ എമിരിറ്റസ് ഡോ. ഗിൽവാസ് പി. സി. എന്നിവർ സ്വാഗതം ആശംസിച്ചു. സി. ഇ. ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി എന്നിവർ വിശിഷ്ടാതിഥികൾക്ക് ഉപഹാരം നൽകി. ന്യൂറോളജി വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. പ്രശാന്ത് വർഗ്ഗീസ് സി. നന്ദി പറഞ്ഞു.



# ആയുർവയോജനം

വയോജന ദിനാചരണത്തിന്റെ ഭാഗമായി, ജൂബിലി ആയുർവേദ മിഷൻ ആശുപത്രിയുടെ ആഭിമുഖ്യത്തിൽ ചെമ്പുകാവ്, വിയ്യൂർ, ചേറൂർ, വില്ലടം, പൊങ്ങണംകാട് എന്നീ ഇടവകകളിലെ തെരഞ്ഞെടുക്കപ്പെട്ട മുതിർന്ന പൗരന്മാരുടെ ഭവനങ്ങൾ സന്ദർശിച്ച് പരിചരിക്കുകയും മരുന്നുകൾ വിതരണം ചെയ്യുകയും ചെയ്തു. ഫാ. ഡിറ്റോ കൂളയുടെ നേതൃത്വത്തിലുള്ള സംഘത്തിൽ ആയുർവേദ ചീഫ് കൺസൾട്ടന്റ് ഡോ. സിസ്റ്റർ ഡൊണാറ്റ, ആയുർവേദ കൺസൾട്ടന്റുമാരായ ഡോ. ഹർവിൻ ജോർജ്, ഡോ. സിസ്റ്റർ നീത അബ്രഹാം, ഡോ. ബിനു ബാഹുലേയൻ, ഡോ. സന്ദേശ് ജോഷി, ഡോ. സിസ്റ്റർ ജോൻസി എന്നിവർ ചേർന്നാണ് ഈ മഹത്തരമായ സേവനം പൂർത്തിയാക്കിയത്.




# "ഹോസ്പിറ്റൽ ഓൺ വീൽസ്"

## ഉദ്ഘാടനം ചെയ്ത് മഞ്ജു വാര്യർ

ഗ്രാമപ്രദേശങ്ങളിലേക്ക് ആരോഗ്യസേവനം വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ജൂബിലി മിഷൻ "ഹോസ്പിറ്റൽ ഓൺ വീൽസ്" പദ്ധതിക്ക് തുടക്കം കുറിച്ചു. ആധുനിക സൗകര്യങ്ങളോടുകൂടിയ ഈ മൊബൈൽ യൂണിറ്റ് പ്രോജക്ട് പ്രമുഖ സിനിമാതാരം ശ്രീമതി മഞ്ജു വാരിയർ ഫ്ളാഗ് ഓഫ് ചെയ്തു.

ചടങ്ങിൽ ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, ജോസ് ആലുക്കാസ് ഗ്രൂപ്പ് ചെയർമാൻ ശ്രീ. ജോസ് ആലുക്കാസ്, മാനേജിംഗ് ഡയറക്ടർമാരായ ശ്രീ. ജോൺ ആലുക്കാസ്, ശ്രീ. പോൾ ആലുക്കാസ്, ജൂബിലി മിഷൻ സി. ഇ. ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ, പ്രോജക്ട് മാനേജർ ശ്രീ. ഫ്രാങ്കോ പി. ജോസഫ് എന്നിവർ പങ്കെടുത്തു.

ആധുനിക മെഡിക്കൽ സൗകര്യങ്ങൾ സജ്ജീകരിച്ച "ഹോസ്പിറ്റൽ ഓൺ വീൽസ്" ഗ്രാമങ്ങളിലേക്ക് സഞ്ചരിച്ച് ആരോഗ്യസേവനങ്ങൾ നൽകുന്നു. ഒരേസമയം ആറുപേർക്ക് ചികിത്സ ലഭിക്കുന്നവിധം രൂപകൽപ്പന ചെയ്ത ഈ മൊബൈൽ ക്ലിനിക്കിൽ അടിസ്ഥാന ആരോഗ്യ പരിശോധനകൾ, രോഗനിർണ്ണയം, രക്തദാനം എന്നിവയ്ക്കൊപ്പം ഇ. സി. ജി. മെഷീൻ, മൾട്ടിപാരാമോണിറ്റർ എന്നിവയും മറ്റ് സ്ക്രീനിങ്ങ് ഉപകരണങ്ങളും സജ്ജീ




കരിച്ചിട്ടുണ്ട്. ആരോഗ്യ അവബോധ ക്ലാസ്സുകൾ സംഘടിപ്പിക്കാനുള്ള സൗകര്യവും വാഹനത്തിലുണ്ട്. ജോസ് ആലുക്കാസ് ഗ്രൂപ്പിന്റെ സി. എസ്. ആർ. ഫണ്ടിന്റെ സഹായത്തോടെയാണ് ഈ പദ്ധതി പ്രാവർത്തികമാക്കിയത്.






ഇന്റർനാഷണൽ ഇൻഫെക്ഷൻ പ്രിവൻഷൻ വീക്ക് – 2024ന്റെ ഭാഗമായി രാജഗിരി ഹോസ്പിറ്റലിൽ വച്ച് നടന്ന ഹാൻഡ്സ് ഓൺ വർക്ക്ഷോപ്പിൽ ക്വിസ് കോമ്പറ്റീഷനിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ജൂബിലി മിഷൻ ആശുപത്രി ഇൻഫക്ഷൻ കൺട്രോൾ നഴ്സ് ഷിബി ജേക്കബ്ബിന് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

# യംഗ് ഇന്നവേറ്റേഴ്സ് ഡിസ്ട്രിക്റ്റ് ലെവൽ ചാമ്പ്യന്മാരായി JMCON

ജൂബിലി മിഷൻ നഴ്സിങ്ങ് കോളേജിലെ വിദ്യാർത്ഥികൾ യംഗ് ഇന്നവേറ്റേഴ്സ് ഡിസ്ട്രിക്റ്റ് ലെവൽ ചാമ്പ്യന്മാരായി തിരഞ്ഞെടുക്കപ്പെട്ടു. മൂന്നാം ലെവൽ പ്രോഗ്രാമിനാണ് നഴ്സിങ്ങ് വിദ്യാർത്ഥികൾ സംസ്ഥാനതല മത്സരത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്.




# സ്തനാർബുദം ബോധവൽക്കരണമാസം

## ഓങ്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ വാക്കത്തോൺ

ലോകാരോഗ്യ സംഘടന ആഹ്വാനം ചെയ്ത സ്തനാർബുദ ബോധവൽക്കരണ മാസം ആചരിച്ചുകൊണ്ട് ജൂബിലിയിലെ ഓങ്കോളജി വിഭാഗം ജൂബിലി IMAയും TOGS (തൃശ്ശൂർ ഒബ്സ്റ്റെട്രിക്സ് ആൻഡ് ഗൈനക്കോളജി സൊസൈറ്റി)യും ജൂബിലി മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികളുമായി ചേർന്ന് ബോധവൽക്കരണ വാക്കത്തോൺ ഒക്ടോബർ 27-ന് സംഘടിപ്പിച്ചു. ജൂബിലിയിൽനിന്ന് ആരംഭിച്ച് ശക്തൻ ആകാശപാതയിലൂടെ നടന്ന് ജൂബിലിയിൽ തിരിച്ചെത്തി. ഇന്ത്യൻ വോളിബോൾ ടീമിന്റെ മുൻ ക്യാപ്റ്റനും അർജുന അവാർഡ് ജേതാവുമായ സിറിൾ വള്ളൂർ വാക്കത്തോൺ ഫ്ളാഗ് ഓഫ് ചെയ്തു. മെഡിക്കൽ ഓങ്കോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. മിഥുൻ ചാക്കോ ജോൺ സ്വാഗതം ആശംസിച്ചു. ചടങ്ങിൽ ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ആശംസകൾ അറിയിച്ചു.
















MBBS 22nd BATCH

# വൈറ്റ് കോട്ട് സെറിമണി

ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ 22-ാം MBBS ബാച്ചിന്റെ വൈറ്റ് കോട്ട് സെറിമണി ഒക്ടോബർ 29ന് മദർ തെരേസ ഹാളിൽവെച്ച് നടന്നു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ സ്വാഗതം ആശംസിച്ചു. തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ ചടങ്ങ് ഉദ്ഘാടനം ചെയ്ത് വിദ്യാർത്ഥികൾക്ക് സന്ദേശം നൽകി.

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. പ്രവീൺലാൽ കുറ്റിച്ചിറ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. തുടർന്ന് ജൂബിലി മിഷൻ ഹോസ്പിറ്റൽ മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിലിന്റെ നേതൃത്വത്തിൽ MBBS വിദ്യാർത്ഥികൾ സത്യപ്രതിജ്ഞ ഏറ്റുചൊല്ലി. തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. എൻ. അശോകൻ മുഖ്യപ്രഭാഷണം നടത്തി. ജൂബിലി മിഷൻ മെഡിക്കൽ




കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. കെ. പത്മകുമാർ, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സി. ഇ. ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ അസി. ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി, പി. ടി. എ. യെ പ്രതിനിധീകരിച്ച് ഡോ. സുജയ് നാഥൻ എന്നിവർ ആശംസകൾ അർപ്പിച്ചു. അനാട്ടമി വിഭാഗം തലവനും MBBS ഫെയ്സ് വൺ കോ-ഓർഡിനേറ്ററുമായ ഡോ.





നന്ദഗോപാലൻ പി. എ യുടെ നേതൃത്വത്തിൽ പ്രീ ക്ലിനിക്കൽ ഡിപ്പാർട്ടുമെന്റിലെ അദ്ധ്യാപകരാണ് വൈറ്റ് കോട്ട് സെറിമണിക്ക് നേതൃത്വം നൽകിയത്. ഡോ. നന്ദഗോപാലൻ പി. എ. യുടെ നന്ദിയോടുകൂടി ചടങ്ങ് അവസാനിച്ചു.

# Welcome

## TO JUBILEE FAMILY

| | |
|---|---|
| Dr. Sr. Betsy Thomas Tharayil | Physical Medicine and Rehabilitation |
| Dr. Ajeena P S | Obstetrics & Gynaecology |
| Dr. Vishnu Narayanan S | Pulmonology |
| Dr. Varna Mathew | Paediatrics |
| Dr. Sneha Lukose | Anaesthesia |
| Dr. Regi P Solomon | M C Biochemistry |
| Dr. Karthika Thirunal P R | M C Forensic Medicine |
| Dr. Ben Varghese B Nellangara | Nephrology |
| Dr. Sam Emmanuel Sabu | Endocrinology |
| Dr. Amulya Joseph | M C Anatomy |
| Dr. Evin Siby | Gastroenterology |
| Ms. Ninette Nixon | Quality Department |
| Mrs. Anjana A A | Insurance |
| Mrs. Glinda Jose | Administration |

### Medical Records

Mrs. Frajitha A B
Mrs. Sreekala K S

### Central Laboratory

Ms. Devna P Vijay
Ms. Jibeesha K S
Ms. Amitha Lakshmi P A
Mrs. Anagha Rose C B

### Anaesthesia

Mrs. Nimmy C S
Ms. Sini Lawrance
Mrs. Teena K T
Mr. Savio Joy
Ms. Silpa P R

### Nursing

Ms. Anu Krishna K U
Ms. Karthika Sivadas
Ms. Maria Rose P A
Mrs. Jeena C L
Mrs. Nimmy Jose
Mrs. Rincy K R
Mrs. Mary Blessy N J
Mrs. Smruthy Johnson
Mrs. Anu M
Mrs. Asha Porinchu
Ms. Jemy George
Ms. Rose Mary Babu
Ms. Ann Mariya Davis
Ms. Sandhra Lawrence

Mrs. Amaya S Reji
Ms. Christeena P V
Ms. Dilma Shaju C
Ms. Jesna M Jaison
Ms. Bency Benny
Ms. Sona Leo
Ms. Jincy K J
Ms. Jarin Mary Kuryakose
Ms. Hredhya Anto
Ms. Merin Joseph
Ms. Asha M T
Ms. Anna Joyson
Ms. Aleena Jain
Ms. Aneesha George

Ms. Anju Francis
Ms. Anjana P W
Ms. Angel T R
Ms. Abhaya Thambi
Ms. Jefy George
Ms. Looya Cleetus
Ms. Riya Jojee
Ms. Rosemol K F
Mrs. Mariya Varghese
Ms. Anna Agnus C S
Ms. Mingle K Binoy
Ms. Twinkle K Binoy
Sr. Rosmin (Stanza MJ)



# ജൂബികോൺ

## NATIONAL MEDICAL STUDENT'S CONCLAVE 2024

മെഡിക്കൽ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനായി ജൂബിലിയിലെ മെഡിക്കൽ സ്റ്റുഡന്റ്സ് കൗൺസിലും വിവിധ സ്റ്റുഡന്റ്സ് ക്ലബ്ബുകളുമായി ചേർന്ന് ദേശീയതലത്തിലുള്ള മെഡിക്കൽ വിദ്യാർത്ഥികളുടെ രണ്ടു ദിവസത്തെ സമ്മേളനം ഒക്ടോബർ 19, 20 തിയ്യതികളിലായി നടന്നു. ചടങ്ങിന്റെ ഉദ്ഘാടനം IIT പാലക്കാടിൽനിന്നുള്ള പ്രൊഫസർ എ. ശേഷാദ്രി ശേഖർ നിർവ്വഹിച്ചു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. പ്രവീൺലാൽ കുറ്റിച്ചിറ അദ്ധ്യക്ഷത വഹിച്ചു. ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം വിദ്യാർത്ഥികൾക്ക് ഗവേഷണത്തിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങളും ജൂബിക്കോണിൽ ലഭ്യമാക്കിയിരുന്നു. ഗവേഷണ ശിൽപശാലകൾ, കലാസന്ധ്യ, പേപ്പർ പ്രസന്റേഷൻ, പോസ്റ്റർ മത്സരം,







ക്വിസ് മത്സരം എന്നീ പരിപാടികൾ ജൂബിക്കോണിന്റെ ഭാഗമായി നടന്നു. ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസർച്ച് ഡയറക്ടർ ഡോ. ഡി. എം. വാസുദേവൻ കോൺസ്പെക്റ്റസ് – 2 പ്രകാശനം ചെയ്തു. ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, സി. ഇ. ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, അസി. ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് വൈസ് പ്രിൻസിപ്പലും ഫോറൻസിക് വിഭാഗം എച്ച്. ഒ. ഡി. യുമായ ഡോ. പത്മകുമാർ കെ. എന്നിവർ ആശംസകളർപ്പിച്ചു. ജൂബികോൺ ചെയർപേഴ്സൺ ഷെറിൻ ജോസഫ് പൊന്തേക്കൻ, ഓർഗനൈസിങ്ങ് സെക്രട്ടറിമാരായ നില എലിസബത്ത് അനിൽ, എറിക്ക റേച്ചൽ സാജൻ എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു. ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ഫിസിയോളജി വിഭാഗം മേധാവി ഡോ. ബിജു ബാഹുലേയൻ, അനാട്ടമി വിഭാഗത്തിലെ പ്രൊഫ. എസ്. രഞ്ജിത്ത് എന്നിവർ സ്റ്റാഫ് അഡ്വൈസർമാരായി നേതൃത്വം നൽകി. വിവിധ സംസ്ഥാനങ്ങളിൽനിന്നായി മുന്നൂറോളം മെഡിക്കൽ വിദ്യാർത്ഥികൾ സമ്മേളനത്തിൽ പങ്കെടുത്തു.





RESEARCH WINGS

# JOURNAL CLUB






JCMR organised the 75th Journal club on 16th October, Wednesday at New CCM Hall. The speaker on the occasion was Dr. Deo Mathew, Senior Resident, Department of Emergency Medicine. The topic was based on an article titled "Systematic review of barriers, facilitators and tools to promote shared decision making in the emergency department" *Ubbink T D et. al Acad Emerg. Med 2024 doi: 10.1111/acem.14998.*

The article described on the importance of shared decision making by systematic review approach to improve patient outcome in emergency medical care. Dr. Fiju Chacko commented the importance of Stroke and ICE guidelines during patient management. Dr. P. R. Varghese welcomed the gathering and Dr. Suresh Kumar gave vote of thanks on the occasion.



# ജൂബിലിയിൽ റാബീസ് ദിനം

ലോക റാബീസ് ദിനത്തോടനുബന്ധിച്ച് തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ ഫോട്ടോഗ്രാഫി മത്സരം നടത്തി. കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നും പങ്കെടുത്തവരിൽ നിന്നും മൂന്നു വിജയികളെ തിരഞ്ഞെടുത്തു. സലിം എം. കെ. ഒന്നാം സ്ഥാനവും അനിത അജയ് രണ്ടാം സ്ഥാനവും മിനി അജ്മൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികളെ അനുമോദിക്കുന്നതിനും സമ്മാനദാനത്തിനുമായി നടത്തിയ ചടങ്ങിൽ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവി ഡോ. ജോ. തോമസ് സ്വാഗതം പറഞ്ഞു. കമ്മ്യൂണിറ്റി മെഡിസിൻ അസോ. പ്രൊഫസർ ഡോ. പൊന്നു ജോസ് റാബീസ് ദിന സന്ദേശത്തെകുറിച്ചും പ്രാധാന്യത്തെകുറിച്ചും സംസാരിച്ചു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. പത്മകുമാർ പരിപാടിക്ക് ആശംസകളർപ്പിച്ച് സംസാരിച്ചു. ജെ.എം.ജെ. ഫിനാൻസ് ജനറൽ മാനേജർ ശ്രീ ഡയസ് മാത്യു, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് അസി. ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി എന്നിവർ സമ്മാനദാനം നിർവ്വഹിച്ചു.




# 12-ാമത് അഖില കേരള ന്യൂറോ ക്വിസ്

ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ 12-ാമത് അഖില കേരള ന്യൂറോ ക്വിസ് സംഘടിപ്പിച്ചു. കേരളത്തിലെ മുപ്പതോളം മെഡിക്കൽ കോളേജുകൾ മാറ്റുരച്ച മത്സരത്തിൽ കൊല്ലം പാരിപ്പള്ളി ഗവൺമെന്റ് മെഡിക്കൽ കോളേജിനെ പ്രതിനിധീകരിച്ച ആദർശ്, ജാൻ ബി. മോഹൻ എന്നിവർ ഒന്നാം സമ്മാനമായ 25,000 രൂപ കരസ്ഥമാക്കി. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി അധ്യക്ഷത വഹിച്ച ചടങ്ങിൽ ക്വിസ് മാസ്റ്റർമാരായി ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ന്യൂറോളജി വിഭാഗം മേധാവി ഡോ. ഫിജു ചാക്കോ, ഡോ. കൃഷ്ണദാസ്, ഡോ. ഹരിദാസ് വി.ടി. എന്നിവർ മത്സരത്തിന് നേതൃത്വം നൽകി. ഡോ. ഗിൽവാസ്, ഡോ. ആൻഡ്രൂസ് എം. എ. ഡോ. പ്രശാന്ത് വർഗ്ഗീസ്, ഡോ. ഹരിസുതൻ, ഡോ. രമേശ് എസ്., ഡോ. എസ്. കെ. മേനോൻ, ഡോ. ബൈജു, ഡോ. ശ്രീജിത്ത് എന്നിവർ വിജയികൾക്ക് സമ്മാനം നൽകി. എറണാകുളം ഗവൺമെന്റ് മെഡിക്കൽ കോളേജിനെ പ്രതിനിധീകരിച്ച വിഷ്ണു, വിനയ് എന്നിവർ രണ്ടാം സ്ഥാനവും മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിനെ പ്രതിനിധീകരിച്ച ഏയ്മൻ, ലിൺഷ എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.




# ദേശീയ ആയുർവ്വേദ ദിനാചരണം

രാമവർമപുരം ജൂബിലി ആയുർവേദ മിഷൻ ആശുപത്രിയിൽ ദേശീയ ആയുർവേദ ദിനം ആചരിച്ചു. ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ ജൂബിലി ആയുർവേദ മിഷൻ ആശുപത്രി ചീഫ് കൺസൾട്ടന്റ് ഡോ. സിസ്റ്റർ ഡൊണാറ്റ ആയുർവേദ ദിന സന്ദേശം നൽകി. നവീകരിച്ച വെരികോസ് വെയ്ൻ, മർമ്മ & സ്പോർട്സ് മെഡിസിൻ ക്ലിനിക്കിന്റെ ഉദ്ഘാടനവും ചടങ്ങിൽ നിർവഹിച്ചു. ജൂബിലി മിഷൻ ആശുപത്രി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ ആശംസകൾ അറിയിച്ചു. ജൂബിലി ആയുർവേദ കൺസൾട്ടന്റുമാരായ ഡോ. ഹാർവിൻ ജോർജ്, ഡോ. സിസ്റ്റർ നീത അബ്രഹാം, അഡ്മിൻ കം ആയുർവേദ ഡോക്ടർ ഡോ. ബിനു ബാഹുലേയൻ, ഡോ. സന്ദേശ് ജോഷി, ഡോ. സിസ്റ്റർ ജോൺസി എന്നിവരും ആശുപത്രി സ്റ്റാഫുകളും ചടങ്ങിൽ പങ്കെടുത്തു.




# Smiles of life

## Understanding the importance of paediatric dentinstry for parents

Primary teeth are also known as baby teeth or deciduous teeth. Tooth emergence above the gum from the age of 6 months onwards there are around 20 baby teeth. The American Academy of Pediatric Dentistry recommends that children should have the first dental visit between the time that first tooth appears but no later than the first birthday.

## Why are primary teeth important?

Some parents believe baby teeth are likely to fall out , so it plays less of a role than permanent teeth. However primary teeth are key to child growth and development. Below are the few points listed about the importance of primary teeth

1. **Maintaining good nutrition:** The process of chewing helps to break down food into digestible sizes, children with tooth decay mostly compromises on having crunchy and tough nutritious food like fresh fruits and vegetables there by experiencing nutritional deficiency, malnourishment and underweight.

2. **Maintaining good health :** Tooth decay can lead to abscessed teeth. Infection from Abscessed tooth can spread to other areas in the head and neck , can also lead to fever , pain and swelling affecting the overall health of the child .

3. **Speech development:** Children with premature loss of deciduous teeth can face difficulty in making the sounds like th,la and other sounds.

4. **Self - Confidence:** A healthy tooth and gum , reduces the risk of bad breath and gives children the self confidence that is needed to build positive social interactions.

5. **Missed school:** Children with pain from tooth decay will have to miss class and often exhibit behavior problems when compared with no pain.

6. **Development of muscles and jaw bones:** Chewing food provides the opportunity to exercise a child's facial,tongue and Jaw muscles which is very crucial for proper growth and development.

7. Primary teeth are natural space maintainers that hold the space and allow permanent teeth to erupt into the correct position.

8. Tooth decay in primary teeth can translate to permanent teeth.

# How to take care of milk teeth

1) **Birth to 6 months of age:** Practicing early healthy habits can prevent or reduce tooth decay in infants.

• Always clean gum pads of infants after feeding .Wrap a moistened cloth around the index finger and gently massage the gum pads.

• Do not put your baby to bed with bottle in their mouth. Night time feeding increases the risk of dental caries.

Remember dental decay is an infectious transmissible disease; avoid testing the temperature of the bottle with your mouth, sharing utensils (example spoon) between siblings these practices can help the transmission of bacteria that can cause decay.

2) **6 to 12 months of age :** During this time period the baby will get its first tooth . It is important to take care from the start. Continue to clean your infant's gum pads after feeding. Once a tooth comes in , start to use a child soft bristle toothbrush with no toothpaste.



**3) 12 to 18 months of age :** Regularly check for suspicious small white or brown spots on teeth. These spots might indicate the start of dental cavities, schedule an appointment with your dentist right away .

You can use fluoride toothpaste; whenever your child is old enough to spit out the tooth paste.

Children younger than three years should use fluoride toothpaste in an amount not more than smear or the size of a grain of rice.

For children 3 to 6 years; caregivers should dispense no more than pea -sized amounts of fluoride toothpaste.

Brush the teeth thoroughly twice per day (morning and night) for 2 minutes. Always supervise children's brushing to ensure that they use the appropriate amount of toothpaste and minimize swallowing of toothpaste . Replacement of toothbrush is recommended every 3 to 6 months or when the bristles start to look worn.




## Tips to prevent dental Decay

1. Brush right floss right: Introducing flossing along with brushing as daily routine in children is very essential. Tooth is made up of five surfaces without flossing you are leaving at least two surfaces of tooth untouched and flossing reaches those tricky spots.
2. Limit between meal snacks.

3. Save candy, cookies, soda and other sugary drinks for special occasions.
4. Limit fruit juices
5. Make sure your child does not eat or drink anything with sugar in it after bedtime brushing.
6. Get cavities filled write away : Dental fillings can help prevent further damage.
7. Use of fluoride: Fluoride primarily focuses on remineralization of enamel and it makes teeth more resistant to acid attack

   Fluoride exposure can be topical( fluoride dentifrices, rinses, gels foams and varnishes) and systemic (dietary fluoride supplements). Topical fluoride is typically applied as a varnish with a small brush in young children. Fluoride gel can be used in both adult and pediatric patients.




8. Pit and fissure sealants: Placing sealants as early as possible in all permanent molars .Fissure sealants reduces food and bacteria sticking to grooves of tooth .

Investing in your child's dental health today paves the way for a lifetime of confident smiles—don't wait, schedule your pediatric dentist appointment now!

**Dr. Nimisha Thomas**
Assistant Professor
Dentistry & Maxilofacial surgery




# കെയർ സ്ട്രീം

## ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡുമായി സഹകരിച്ച്

# ഏകദിന തുടർവിദ്യാഭ്യാസ പ്രവർത്തന ശില്പശാല

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് റേഡിയോളജി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ കെയർ സ്ട്രീം ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡുമായി സഹകരിച്ച് ഏകദിന തുടർവിദ്യാഭ്യാസ പ്രവർത്തന ശില്പശാല ഒക്ടോബർ 26-ാം തീയതി നടത്തി.

ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഫിനാൻസ് അസിസ്റ്റന്റ് ഫാ. ജിജോ മാളിയേക്കൽ, ജൂബിലി മിഷൻ റേഡിയോളജി വിഭാഗം പ്രൊഫസർ ഡോ. ബിനോജ് വർഗ്ഗീസ് വി. എന്നിവർ ആശംസകൾ അർപ്പിച്ചു. റേഡിയോളജി വിഭാഗത്തിലെ നൂതന ഉപകരണങ്ങളെക്കുറിച്ച് കെയർ സ്ട്രീം ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ. ഷാർലറ്റ് പി. മാത്യു ക്ലാസ് എടുത്തു. ചടങ്ങിൽ റേഡിയോളജി ഇൻചാർജ് സി. റോസിൻ നന്ദി പ്രകാശിപ്പിച്ചു.



# രക്തസുരക്ഷ

## ഒരു അവിഭാജ്യഘടകം

രക്തസുരക്ഷയുടെ പ്രധാന ഘടകങ്ങളാണ് രക്തദാതാവും രക്തസ്വീകർത്താവും: ഈ രണ്ടു ഘടകങ്ങളുടെയും സുരക്ഷ ഉറപ്പാക്കാൻ ഒരു നൂതന സാങ്കേതികവിദ്യ ജൂബിലി മിഷൻ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ ഡിപ്പാർട്ട്മെന്റിൽ ആരംഭിച്ചു. ഈ സാങ്കേതികവിദ്യയുടെ പ്രവർത്തനം RFID (റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ) അടിസ്ഥാനമാക്കിയാണ് (Biolog id).

RFID (Radio Frequency Identification) സാങ്കേതികവിദ്യ രക്ത ദാനശൃംഖലയിൽ നിന്നും രോഗിയിലേക്കുള്ള സുരക്ഷ ഉറപ്പാക്കുന്നതിൽ നിർണ്ണായകമാണ്. രക്തം ശേഖരിക്കുന്നതുമുതൽ കൃത്യമായ രോഗിക്ക് നൽകുന്നതുവരെ RFID ടാഗുകൾ ഉപയോഗിക്കുന്നു. ഇത് രക്തദാനവുമായി ബന്ധപ്പെട്ട തെറ്റുകൾ കുറയ്ക്കുന്നതിനും അനാവശ്യസംശയങ്ങൾ ഒഴിവാക്കുന്നതിനും സഹായകമാണ്. അത്തരത്തിൽ, ദാതാവിൽനിന്ന് രോഗിയിലേക്ക് സുരക്ഷിതവും കാര്യക്ഷമവുമായ രക്തമാറ്റം ഉറപ്പാക്കാൻ RFID സാങ്കേതികവിദ്യ സഹായിക്കുന്നു.

**രോഗികളുടെ സുരക്ഷ ഉറപ്പാക്കുന്നു.**

RFID ടാഗുകൾക്ക് രക്തയൂണിറ്റുകളെ സ്വയമേവ തിരിച്ചറിയാൻ കഴിയും. മനുഷ്യന്റെ അശ്രദ്ധ കൊണ്ടുള്ള അപകട

സാധ്യത കുറയ്ക്കുകയും ഓരോ യൂണിറ്റും ശരിയായി കൈകാര്യം ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു. ഇതിലൂടെ ശരിയായ രക്തം, ശരിയായ രോഗിക്ക്, ശരിയായ സമയത്ത് എത്തിക്കാൻ വഴിയൊരുക്കുന്നു. രക്തസ്വീകരണത്തിലൂടെ ഉണ്ടായേക്കാവുന്ന ട്രാൻസ്ഫ്യൂഷൻ റിയാക്ഷൻസ് നിരീക്ഷിക്കാൻ സഹായിക്കുന്നു.

**മികച്ച ഇൻവെന്ററി ഉറപ്പാക്കുന്നു.**

ഒപ്റ്റിമൽ സ്റ്റോക്ക് ലെവലുകൾ നിലനിർത്താനും രക്തബാഗുകൾ കാലഹരണപ്പെടുന്നത് കുറയ്ക്കാനും സഹായിക്കുന്നു.

**മെച്ചപ്പെട്ട കോൾഡ് ചെയിൻ നിരീക്ഷണം**

രക്തവും രക്തഘടകങ്ങളും സംഭരിച്ചിരിക്കുന്ന റഫ്രിജറേറ്ററിൽ നിലനിർത്തുന്ന താപനില നിരീക്ഷിക്കാൻ സിസ്റ്റം പ്രധാനമായും സഹായിക്കും. താപനിലയിലെ ഏത് വ്യതിയാനവും RFID സിസ്റ്റം അറിയിക്കും.

രക്തദാനം മുതൽ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ വരെയുള്ള രക്തത്തിന്റെ പൂർണ്ണമായ ട്രാക്കിംഗ് മൂലം സുതാര്യത വർദ്ധിക്കുന്നു. RFID സാങ്കേതികവിദ്യ, ശരിയായ സംഭരണം ഉറപ്പാക്കുകയും കൃത്യമായ രേഖകൾ സൂക്ഷിക്കുകയും പ്രക്രിയകൾ ഓട്ടോമേറ്റ്ചെയ്യുന്നതിലൂടെ ബ്ലഡ് സെന്ററിലെ കാര്യക്ഷമതയും കൃത്യതയും സുരക്ഷയും മെച്ചപ്പെടുത്താൻ സഹായിക്കുകയും ചെയ്യുന്നു.







# സുഖം പ്രാപിക്കുമെന്ന് എനിക്ക് ഉറപ്പുനൽകി

മണ്ണാർക്കാടുള്ള ഹോസ്പിറ്റലിൽ നിന്ന് തൃശൂർ ജൂബിലി മിഷൻ ഹോസ്പിറ്റലിലേക്കുള്ള യാത്രയിൽ ഞാൻ പൂർണ്ണമായും നിരാശനായിരുന്നു. ശരീരം മുഴുവൻ തളർന്ന നിലയിലായതിനാൽ എന്റെ അവസ്ഥ തികച്ചും ദയനീയമായിരുന്നു. അവിടെയുള്ള ഹോസ്പിറ്റലിൽ നിന്ന് IVIG, സ്റ്റിറോയിഡ് ചികിത്സകളൊക്കെ ചെയ്തിട്ടും എന്റെ ശരീരത്തിൽ കാര്യമായ പുരോഗതി ഉണ്ടായില്ല. കാര്യങ്ങൾ കൂടുതൽ വഷളാക്കിക്കൊണ്ട്, എനിക്ക് കഠിനമായ ശരീരവേദന, ക്ഷീണം, മലബന്ധം, ശ്വാസകോശ സംബന്ധമായ പ്രശ്നങ്ങൾ എന്നിവയിലൂടെ കടന്നുപോകേണ്ടിവന്നു.

Together,
We are the
Patient Experience !

സെപ്തംബർ 14 ന് അർദ്ധരാത്രിയാണ് ഞാൻ എന്റെ കുടുംബാംഗങ്ങൾക്കൊപ്പം ജൂബിലി മിഷനിൽ എത്തിയത്. ജീവനക്കാർ

ഞങ്ങളെ സ്വാഗതം ചെയ്യുകയും ചികിത്സിക്കുകയും ചെയ്ത ആതിഥ്യമനോഭാവം ശരിക്കും ശ്രദ്ധേയമാണ്.

ന്യൂറോളജി വിഭാഗം മേധാവി, ഡോ. ഫിജു ചാക്കോ എന്ന ദൈവത്തിന്റെ മാന്ത്രിക സ്പർശമുള്ള അത്ഭുത മനുഷ്യനെ കണ്ടുമുട്ടുന്നതുവരെ തുടക്കത്തിൽ എനിക്ക് അത്ര സുഖം തോന്നിയില്ല. അദ്ദേഹത്തിന്റെ സൗഹാർദ്ദപരമായ സ്വഭാവവും സന്തോഷകരമായ രീതിയും എന്നിൽ ആത്മവിശ്വാസവും ധൈര്യവും പകർന്നു. വേഗത്തിൽ സുഖം പ്രാപിക്കുമെന്ന് അദ്ദേഹം എനിക്ക് ഉറപ്പുനൽകുകയും ജിബിഎസിന്റെ സ്വഭാവം വിശദീകരിക്കുകയും ചെയ്തു. സാധാരണക്കാരായ രോഗികളോട് അദ്ദേഹം ഇടപെടുന്ന രീതി മറ്റ് ഡോക്ടർമാർക്കും മാതൃകയാകണം.

പിന്നീടുള്ള പത്ത് ദിവസങ്ങൾ ക്രിട്ടിക്കൽ ഐസിയുവിലായിരുന്നു, അവിടെ ഞാൻ പ്ലാസ്മ ഫെറെസിസ് നടത്തി. ക്രിട്ടിക്കൽ മെഡിസിനിലെ എല്ലാ ഡോക്ടർമാരും വളരെ സൗഹാർദ്ദപരമായിരുന്നു. അവർ എന്റെ പുരോഗതി വിലയിരുത്താൻ കൃത്യമായ ഇടവേളകളിൽ വന്നിരുന്നു. ഡോ.ഭാരതി, ഡോ. ജോൺ തുടങ്ങിയവർ പ്രത്യേക പരാമർശം അർഹിക്കുന്നു.എന്നാൽ ഇവയിലെല്ലാം ഉപരിയായി, ഞാൻ വളരെ വ്യക്തിപരമായ ബന്ധത്തിൽ വന്ന ഒരു മനുഷ്യൻ മറ്റാരുമല്ല, ഫിസിയോതെറാപ്പിസ്റ്റായ ശ്രീ പ്രതീഷ് പോൾ ആണ്. എന്നെപ്പോലുള്ള രോഗികളെ കൈകാര്യം ചെയ്യുന്നതിലുള്ള അദ്ദേഹത്തിന്റെ അത്ഭുതകരമായ വൈദഗ്ധ്യമാണ് അദ്ദേഹത്തെ എനിക്ക് പ്രത്യേകമാക്കുന്നത്. അദ്ദേഹത്തിന്റെ കൃത്യമായ വ്യായാമങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ സുഖം പ്രാപിക്കാൻ എന്നെ സഹായിച്ചു. അദ്ദേഹത്തിന്റെ ഫിസിയോതെറാപ്പി മികച്ചതാണ്.

എന്നെ സാധാരണ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവന്നതിന് ഡോക്ടർ ഫിജു ചാക്കോയ്ക്കും ശ്രീ പ്രതീഷ് പോളിനും നന്ദി രേഖപ്പെടുത്തുന്നു. ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ എന്നെ സഹായിച്ച മറ്റെല്ലാ ആശുപത്രി ജീവനക്കാരോടും ഞാൻ നന്ദിയുള്ളവനാണ്. താങ്ങാനാവുന്ന നിരക്കിൽ ഗുണനിലവാരമുള്ള ചികിത്സ തേടുന്ന എല്ലാവർക്കും ജൂബിലി മിഷൻ ആശുപത്രി ഞാൻ ശുപാർശ ചെയ്യുന്നു.

നന്ദിയോടെ<br>**നോബിൾ ടോം**



# ഗൃഹൗഷധികൾ

# മഞ്ഞൾ

നമ്മുടെ ശരീരത്തിനും മനസ്സിനും ഉന്മേഷം നൽകുന്നതും രോഗപ്രതിരോധശേഷിയെ വർദ്ധിപ്പിക്കുന്നതും രോഗശമനത്തിന് സഹായിക്കുന്നതും നമ്മുടെ വീടുകളിലും തൊടിയിലും കാണപ്പെടുന്നതും ഔഷധഗുണമുള്ളതുമായ ധാരാളം സസ്യങ്ങൾ നമുക്കു ചുറ്റും ഉണ്ട്. ഇവയെല്ലാം നമ്മുടെ തദ്ദേശീയമായ സസ്യസമ്പത്തിനെ വിളിച്ചോതുന്നവയാണ്. ചുറ്റും വളരെ സുലഭമായി ലഭിക്കുന്ന ചെടികളെ നമുക്ക് ഏതൊക്കെ തരത്തിൽ ഉപയോഗിക്കാം എന്നുള്ളത് നമ്മുടെ അറിവിന്റെ വ്യാപ്തിയെ കാണിക്കുന്നു. പരമ്പരാഗതമായി കിട്ടിയ ഇത്തരം അറിവുകൾ നാം പല രീതിയിൽ സ്വാംശീകരിച്ചിട്ടുണ്ട്. അത്തരം അറിവുകൾ, അവയിൽനിന്ന് കിട്ടുന്ന ഔഷധമൂല്യങ്ങൾ നിലനിർത്താൻ വേണ്ടിയും നമുക്ക് അസുഖം വന്നുകഴിഞ്ഞാൽ പെട്ടെന്നുതന്നെ കയ്യെത്തും ദൂരത്തുനിന്ന് പറിച്ചെടുത്ത് ഉപയോഗിക്കാൻ വേണ്ടിയും ഗൃഹൗഷധികൾ പ്രധാനമായും ഉപയോഗപ്പെടുത്തിയിരുന്നു.



ഗൃഹൗഷധികളിൽ പ്രധാനപ്പെട്ട ഒരു ഔഷധമാണ് മഞ്ഞൾ. ഇന്ത്യയിൽ ഉടനീളം ലഭിക്കുന്ന മഞ്ഞൾ; എരിവും കയ്പുരസവും കലർന്നതും ത്വക്രോഗങ്ങൾ, പ്രമേഹം, പ്രഷർ, കഫജരോഗങ്ങൾ, കൊളസ്ട്രോൾ, ഹൃദയാഘാതം... രക്തധമനിയിൽ അടിഞ്ഞുകൂടുന്ന കൊഴുപ്പ് വിലയിപ്പിക്കുന്നു. ഒപ്പം ശരീരത്തിലും കുടലിലും ഉള്ള വിഷാംശങ്ങളെ നശീകരിക്കുകയും അധികമായ അമ്ലത്തെ കുറയ്ക്കുകയും ചെയ്യുന്നു. സൗന്ദര്യവർധനവിന്റെ കാര്യത്തിൽ മഞ്ഞൾ എടുത്തുപറയേണ്ടതാണ്.

ദക്ഷിണേന്ത്യക്കാർ പ്രാചീനകാലം മുതൽ മരുന്നുകൾ ഉണ്ടാക്കുവാൻ മഞ്ഞൾ ഉപയോഗിച്ചിരുന്നു. ശരീരത്തിന് രോഗപ്രതിരോധശേഷി ലഭിക്കുന്നതിനും ആരോഗ്യം നിലനിർത്തുന്നതിനും സൗന്ദര്യവർദ്ധനവിനും മഞ്ഞൾ എന്നും മുൻപന്തിയിൽതന്നെയുണ്ട്.

## ഔഷധപ്രയോഗങ്ങൾ

**പൊള്ളൽ:**

മഞ്ഞളും ആര്യവേപ്പിലയും അരച്ച് തേനിൽ കുഴച്ച് പൊള്ളിയ ഭാഗത്ത് ഉടനെ പുരട്ടുന്നത് പാടുണ്ടാകാതെ വേഗം ഉണങ്ങാൻ സഹായിക്കുന്നു.

**ത്വക്രോഗങ്ങൾ:**

പച്ചമഞ്ഞൾ/ മഞ്ഞൾപ്പൊടി അരച്ച് ദേഹത്തു പുരട്ടി കുളിക്കുന്നത് നല്ലതാണ്.

**അൾസർ:**

5 ഗ്രാം മഞ്ഞൾപ്പൊടിയും തേനും ചേർത്ത് കുഴച്ച് ഉരുളയാക്കി കഴിക്കുന്നത് ഉത്തമമാണ്.

**അലർജി:**

- പച്ചമഞ്ഞൾ ആര്യവേപ്പിലയും കൂടി അരച്ച് ദേഹത്ത് പുരട്ടിയിടുക. ഒരു നെല്ലിക്ക വലുപ്പത്തിൽ ഉള്ളിൽ കഴിക്കുകയും ചെയ്യുക.
- മഞ്ഞൾപ്പൊടിയും തുളസിയില ഉണക്കിപ്പൊടിച്ചതും സമം ചേർത്ത് യോജിപ്പിച്ച് ഒരു പാത്രത്തിൽ അടച്ച് സൂക്ഷിക്കുക. ഒരു ഗ്ലാസ്സ് പാലിൽ ഒരു ഗ്ലാസ്സ് വെള്ളം ചേർത്ത് തിളപ്പിക്കുക. അതിലേക്ക് ഒരു സ്പൂൺ പൊടിയിട്ട് വെള്ളം വറ്റുന്നതുവരെ ഇളക്കി വറ്റിച്ച് അരിച്ച് ആ പാൽ രാവിലെ (വെറുംവയറ്റിലും) രാത്രിയും (കിടക്കുന്നതിന് തൊട്ടുമുമ്പ്) കഴിക്കുക. രോഗത്തിന്റെ കാഠിന്യമനുസരിച്ച് രണ്ടു ദിവസം മുതൽ ഏഴു ദിവസം വരെ ഇത് തുടരാവുന്നതാണ്.



**വയറിളക്കം:**

മഞ്ഞൾ ഇടിച്ചുപിഴിഞ്ഞ നീര് അര ഔൺസിൽ അത്രയും തേൻ ചേർത്ത് കഴിക്കുക.


**ഡോ. സി. ജോൺസി MSJ, BAMS**
റസിഡന്റ് ഡോക്ടർ
ജൂബിലി ആയുർവേദ മിഷൻ ഹോസ്പിറ്റൽ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്



Editorial Board

Rev. Fr. Dr. Demin Tharayil | Dr. Benny Joseph | Dr. Aswath Kumar R
Mr. Noble Thomas | Adv. Justin C J | Mr. Baby P A | Ms. Rakhi K B
Ms. Manisha A N | Mr. Joshi Paul



“എനിക്കു ജീവിതം ക്രിസ്തുവും
മരണം നേട്ടവുമാണ്.” ഫിലിപ്പി 1:21

Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE